വന്ധ്യതയ്ക്കുള്ള ചികിൽസാ സൗകര്യങ്ങൾ, സംഘങ്ങൾക്കുള്ള കെട്ടിട നിർമ്മാണ ഗ്രാന്റ്, ഉല്പാദകർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് തുടങ്ങിയവ മേഖലായൂണിയനുകൾ വഴി നടപ്പിലാക്കുന്നുണ്ട്. ക്ഷീരോല്പാദക സംഘങ്ങളിലെ അംഗങ്ങളുമായിട്ടുള്ള ക്ഷീരോല്പാദകർക്ക് മരണാന്തര ക്ഷേമനിധി, കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുടങ്ങിയവയും മേഖലായൂണിയനുകൾവഴി ക്ഷീരോൽപാദകർക്ക് നൽകി വരുന്നുണ്ട്.

(ബി&സി) ക്ഷീരോൽപാദകർക്ക് പെൻഷൻ നൽകുന്നതിനെക്കുറിച്ചുള്ള സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രാഥമിക നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ

132 (134)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങൾ, വ്യവസായസംഘങ്ങൾ, ആപ്കോസ് സംഘങ്ങൾ ഇവയുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഏതെല്ലാം സംഘങ്ങളാണ് തിരുവന്തപുരം ക്ഷീരോല്പാദക യൂണിയനിൽ അംഗമായിട്ടുള്ളതെന്നും ഇവയുടെ ആഡിറ്റ് നിലയും വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം മേഖലാ യൂണിയനിൽ അംഗത്വം ലഭിക്കുന്നതിന് ക്ഷീരസംഘങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥ എന്തെല്ലാമാണ് ;

(ഡി) മേഖലാ യൂണിയന്റെ നിയമനങ്ങളിൽ പ്രാഥമിക ക്ഷീരസംഘം ജീവനക്കാർക്ക് എന്തെല്ലാം പ്രത്യേക പരിഗണനയാണ് നൽകിയിട്ടുള്ളത് ;

(ഇ) മേഖലാ ക്ഷീരോല്പാദക യൂണിയൻ നിയമനങ്ങൾ പി.എസ്.സി.ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇതിന് എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-1-2000 വരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ജില്ല	ക്ഷീര സഹകരണ സംഘങ്ങൾ	വ്യവസായ സംഘങ്ങൾ	ആപ്കോസ് സംഘങ്ങൾ
തിരുവനന്തപുരം	353	76	276
കൊല്ലം	311	68	243
ആലപ്പുഴ	238	29	209
പത്തനംതിട്ട	175	24	151

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം I ആയി കൊടുത്തിരിക്കുന്നു*.

(സി) തിരുവനന്തപുരം മേഖലായൂണിയനിൽ അംഗത്വം ലഭിക്കുന്നതിന് ക്ഷീരസംഘങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ വിശദമായി അനുബന്ധം II ൽ കൊടുത്തിരിക്കുന്നു*.

(ഡി) പ്രാഥമിക ക്ഷീരസംഘങ്ങളിലെ യോഗ്യതയുള്ള ജീവനക്കാരെ തിരുവനന്തപുരം മേഖലായൂണിയനിൽ ജൂനിയർ സൂപ്പർവൈസർ (പി ആന്റ് എ), ജൂനിയർ അസിസ്റ്റന്റ്, സെയിൽസ്മാൻ, സ്വീപ്പർ-കം-സ്കാവഞ്ചർ എന്നീ തസ്തികകളിൽ നിയമിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) 29-4-1995-ലെ ജി.ഒ.നം. 6434/ലെജ്.ബി2/95/ലോ. പ്രകാരം അപ്പെക്സ് സൊസൈറ്റികളിലെ നിയമനങ്ങൾ മാത്രമാണ് പി.എസ്.സി.ക്ക് നൽകിയിരിക്കുന്നത്.

വയനാട് ജില്ലാ ഡി.ടി.പി.സി.ക്കെതിരെയുള്ള ആരോപണങ്ങൾ

133 (136) ശ്രീ. വർഗ്ഗീസ് വൈദ്യർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനെതിരെയുള്ള സാമ്പത്തിക ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) വയനാട്ടിൽ എക്കോ ടൂറിസം നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകളെ കുറിച്ച് പഠിക്കുന്നതിനും വയനാട് ജില്ലാ ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തുന്നതിനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തെന്മല ഡാമും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ച് കൊല്ലം, പത്തനംതിട്ട ജില്ലകളുടെ മലയോരപ്രദേശങ്ങളിലാണ് ഇക്കോ ടൂറിസം പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നത്. തെന്മലയുടെ വികസന പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞശേഷം വയനാട് ഉൾപ്പെടെയുള്ള മറ്റുപ്രദേശങ്ങളിൽ ഇക്കോ ടൂറിസം നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്താവുന്നതാണ്. വയനാട് ജില്ലയിലെ ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങൾ ഇപ്പോൾതന്നെ ടൂറിസം വകുപ്പും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും പ്രസിദ്ധീകരിച്ചിട്ടുള്ള ലഘുലേഖകളിലും മറ്റു പ്രചാരണ ഉപാധികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly